# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 498 29-06-2015 ൽ മറുപടിയ്ക്ക്**

## കാരുണ്യ പദ്ധതി

| | ചോദ്യം<br>ശ്രീ. ബി.ഡി.ദേവസ്സി | | മറുപടി<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ചികിത്സാ സഹായത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ കഴിയാതെ അടിയന്തിര ശസ്ത്രക്രിയയ്ക്ക് വിധേയരാകേണ്ടി വന്ന എത്ര പേർ തുടർന്ന് കാരുണ്യ പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായത്തിനായി അപേക്ഷ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | കാരുണ്യ ചികിത്സാ സഹായത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ കഴിയാതെ അടിയന്തിര ശസ്ത്രക്രിയക്ക് വിധേയരാകേണ്ടിവന്ന 725 പേർ കാരുണ്യ പദ്ധതി പ്രകാരമുള്ള ചികിത്സ സഹായത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരം അപേക്ഷകളിന്മേൽ ശസ്ത്രക്രിയ നടത്തിയതിനും അടിയന്തിര ചികിത്സ തേടിയതിനും മതിയായ രേഖകൾ ഉണ്ടെങ്കിൽ അനുകൂലമായ തീരുമാനങ്ങൾ സ്വീകരിക്കാമോ; | (ബി) & (സി) | ഇത്തരം അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന നടപടി ചുവടെ ചേർക്കുന്നു.<br>അപേക്ഷകൾ പരിശോധിച്ച് അടുത്ത സംസ്ഥാനതല കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കാരുണ്യ അഡ്മിനിസ്ട്രേറ്റർക്ക് നൽകുന്നു. അഡ്മിനിസ്ട്രേറ്റർ അപേക്ഷയുടെ പ്രാഥമിക പരിശോധന നടത്തിയതിനുശേഷം അപേക്ഷകൾ ഡോക്ടർമാർ ഉൾപ്പെട്ട ഒരു സബ് കമ്മിറ്റിയെക്കൊണ്ട് പരിശോധിപ്പിച്ച് സംസ്ഥാനതല കമ്മറ്റിക്ക് സമർപ്പിക്കുന്നു. ഡോക്ടർമാരുടെ ശുപാർശയിന്മേൽ ഉചിതമായ തീരുമാനം സംസ്ഥാനതല കമ്മിറ്റി കൈക്കൊള്ളുന്നു. |
| (സി) | സർക്കാരിന് ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| (ഡി) | അടിയന്തിര ശസ്ത്രക്രിയകൾക്ക് വിധേയരായി ചികിത്സാ ചെലവുകളുടെ രേഖകൾ സഹിതം സർക്കാരിന് ലഭിച്ച അപേക്ഷകളിൽ ഇനിയും തീരുമാനം എടുക്കാൻ അവശേഷിക്കുന്നവ എത്രയാണ്; വിശദമാക്കാമോ? | (ഡി) | അടിയന്തിര ശസ്ത്രക്രിയക്ക് വിധേയരായി ചികിത്സാ ചെലവുകളുടെ രേഖകൾ സഹിതം സർക്കാരിന് ലഭിച്ച അപേക്ഷകളിൽ 350 -ഓളം അപേക്ഷകളിന്മേൽ തീരുമാനം എടുക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ.